(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിലുള്ള പ്രീ-ഡിഗ്രി വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകാൻ എന്തെങ്കിലും പരിപാടി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരിപാടിയുടെ വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) പ്രീ-ഡിഗ്രിതലത്തിൽ ഇംഗ്ലീഷിനും കണക്കിനും ഫിസിക്സിനും കെമിസ്ട്രിക്കും ബോട്ടണിക്കും സുവോളജിക്കും കോമേഴ്സിനും സ്പെഷ്യൽ കോച്ചിംഗ് നൽകുന്നുണ്ട്. കോഴ്സിന്റെ കാലയളവ് 5 മാസമാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി അഞ്ചരലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സെക്രട്ടേറിയറ്റിലെ വനിതാ ഉദ്യോഗസ്ഥർ

1449. [2189] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സെക്രട്ടേറിയറ്റിലെ ജനറൽ അഡ്മിനിസ്ട്രേഷൻ, ലാ, ഫൈനാൻസ് എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ആഫീസർ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, ഫസ്റ്റ് ഗ്രേഡ് അസിസ്റ്റന്റ്, സെക്കൻറ് ഗ്രേഡ് അസിസ്റ്റന്റ്, ഓഫീസ് സൂപ്രണ്ട്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ഫസ്റ്റ് ഗ്രേഡ് ടൈപ്പിസ്റ്റ്, സെക്കൻറ് ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ എത്ര വനിതാ ജീവനക്കാർ വീതമുണ്ട് ?

ഉത്തരം

വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് †

സെക്രട്ടേറിയറ്റിലെ നിയമബിരുദമുള്ള ഉദ്യോഗസ്ഥൻമാർ

1450. [2190] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവകുപ്പിലല്ലാതെ സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളിലെല്ലാംകൂടി നിയമബിരുദമുള്ള എത്ര ഉദ്യോഗസ്ഥൻമാർ ഉണ്ട് ;

(ബി) നിയമബിരുദമുള്ള ഉദ്യോഗസ്ഥൻമാർക്ക് അവർക്കുള്ള പ്രത്യേക യോഗ്യതയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അലവൻസോ ഇൻക്രിമെൻറോ നൽകുന്നുണ്ടോ ?

(സി) ഇല്ലെങ്കിൽ നിയമബിരുദമുള്ള ഉദ്യോഗസ്ഥൻമാർക്ക് അലവൻസ് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 97.

(ബി) ഇല്ല.

(സി) നിയമവകുപ്പൊഴികെയുള്ള വകുപ്പുകളിലെ ജോലിക്ക് നിയമബിരുദം തീർത്തും ആവശ്യമായ യോഗ്യതയല്ലാത്തതിനാൽ അലവൻസ് അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവാഹമില്ല.

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly